**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6812** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-സ്റ്റാമ്പിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തമായി ആധാരം തയ്യാറാക്കുന്നതിന് ഇ-സ്റ്റാമ്പിംഗ് രീതി അനുയോജ്യമാണോ; വ്യക്തമാക്കാമോ; | (എ) | സ്വന്തമായി ആധാരം തയ്യാറാക്കുന്നതിന് ഇ-സ്റ്റാമ്പിംഗ് രീതി അനുയോജ്യമാണ്. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള ഇ-സ്റ്റാമ്പിംഗ് രീതി വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ള ഇ-സ്റ്റാമ്പിംഗ് രീതി ചുവടെ ചേർക്കുന്നു.<br><br>1. ആധാര കക്ഷികൾ https://pearl.registration.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിച്ച് യൂസർ രജിസ്ട്രേഷൻ നടത്തുന്നു.<br>2. യൂസർ വിവരങ്ങൾ (user name & password) നല്കിക്കൊണ്ട് ലോഗിൻ ചെയ്തതിന് ശേഷം രജിസ്ട്രേഷൻ നടത്തേണ്ട സബ് രജിസ്ട്രാർ ഓഫീസ് തെരഞ്ഞെടുക്കുകയും രജിസ്റ്റർ ചെയ്യേണ്ട തീയതിക്കും സമയത്തിനുമുള്ള ടോക്കൺ എടുക്കുകയും ചെയ്യുന്നു.<br>3. വെബ് സൈറ്റിൽ ലഭ്യമായ മാതൃക ആധാരങ്ങൾ ഉപയോഗിച്ചും വാങ്ങുന്നയാളിനോ വിൽക്കുന്നയാളിനോ ആധാരം തയ്യാറാക്കാവുന്നതുമാണ്.<br>4. മേൽപ്രകാരം തയ്യാറാക്കിയ കരട് ആധാര പ്രകാരമുള്ള എല്ലാ വിവരങ്ങളും വെബ്സൈറ്റിലൂടെ എന്റർ ചെയ്തു നല്കുന്നു.<br>5. ആധാര വിലയുടെ അടിസ്ഥാനത്തിൽ മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും കമ്പ്യൂട്ടർ മുഖാന്തിരം നിർണ്ണയിച്ചതിന് ശേഷം നെറ്റ് ബാങ്കിംഗ് മുഖാന്തിരം തുക ഒടുക്കി ഇ-ചെല്ലാൻ പ്രിന്റ് ചെയ്യുന്നു.<br>6. ഒരു ലക്ഷത്തിന് മുകളിൽ മുദ്രവില വരുന്ന ആധാരങ്ങൾക്ക് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇ-പേയ്മെന്റ് മുഖാന്തിരം |

ഒടുക്കിയശേഷം നേരിട്ട് തന്നെ മുദ്രപ്പത്രം കളർ പ്രിന്റർ ഉപയോഗിച്ച് പ്രിന്റ് ചെയ്യാവുന്നതും ഇങ്ങനെ പ്രിന്റ് ചെയ്ത മുദ്രപ്പത്രത്തിൽ ആധാരത്തിന്റെ ആദ്യ പേജിലെ വാചകങ്ങൾ പ്രിന്റ് ചെയ്യേണ്ടതുമാണ്. നെറ്റ് ബാങ്കിംഗ് സൗകര്യം ഇല്ലാത്ത കക്ഷികൾക്ക് രജിസ്ട്രേഷൻ സൈറ്റിൽ നിന്ന് തന്നെ ട്രഷറിയിൽ തുക ഒടുക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റ് ചെയ്തെടുക്കാവുന്നതും ഇതേ ചെല്ലാൻ ഉപയോഗിച്ച് ഏതെങ്കിലും ട്രഷറിയിൽ തുക ഒടുക്കാവുന്നതുമാണ്.

7. ട്രഷറിയിൽ തുക ഒടുക്കിയതിന് ശേഷം ലഭിക്കുന്ന GRN/ Transid ഉപയോഗിച്ച് രജിസ്ട്രേഷൻ വെബ്സൈറ്റിൽ നിന്നും ഇ-സ്റ്റാമ്പ് വിവരങ്ങൾ രേഖപ്പെടുത്തിയതും ആധാരത്തിന്റെ ആദ്യ വാചകങ്ങൾ പ്രിന്റ് ചെയ്യാവുന്നതുമായ മുദ്രപ്പത്രം കളർ പ്രിന്റ് ചെയ്തെടുക്കുന്നു.
8. ജി.ആർ.എൻ. (Government Reference Number) നല്കിക്കൊണ്ട് ആധാരത്തിന്റെ ആദ്യ പേജായി വരേണ്ടതും ആധാര വാചകങ്ങൾ ആരംഭിക്കുന്നതുമായ പേജ് 100 ജി.എസ്.എം - ൽ കുറയാത്ത കട്ടിയുള്ള വെള്ള കടലാസിൽ കളർ പ്രിന്റ് ചെയ്തെടുക്കുന്നു. ഈ ഷീറ്റിൽ മുദ്രവില ഒടുക്കിയ വിവരങ്ങളും പ്രിന്റ് ചെയ്തു വരുന്നതാണ്.
9. ഒരു ലക്ഷം രൂപവരെ മുദ്രവില വരുന്ന ആധാരങ്ങൾക്ക് വെണ്ടർമാർ മുഖേനയാണ് മുദ്രപ്പത്രം ലഭിക്കുന്നത്. ഇതിനായി ആധാരവിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കിയ ശേഷം ലഭിക്കുന്ന സ്ലിപ്പുമായി ഏതെങ്കിലും സ്റ്റാമ്പ് വെണ്ടറെ സമീപിക്കാവുന്നതും സ്ലിപ്പിലെ വിവരങ്ങളുടെയടിസ്ഥാനത്തിൽ ആവശ്യമായ തുക നല്കിക്കൊണ്ട് മുദ്രപ്പത്രം വെണ്ടറിൽ നിന്നും പ്രിന്റ് ചെയ്തു വാങ്ങാവുന്നതും ഇങ്ങനെ ലഭിക്കുന്ന മുദ്രപ്പത്രത്തിൽ ആധാരത്തിന്റെ ആദ്യ പേജിലെ വാചകങ്ങൾ പ്രിന്റ് ചെയ്യേണ്ടതുമാണ്.
10. അസ്സൽ ആധാരത്തിന്റെ ഫയലിംഗ് ഷീറ്റ് തയ്യാറാക്കിയ ശേഷം (ഫയലിങ്ങ് ഷീറ്റ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ഒരു ഷീറ്റിന് 10/- രൂപ + GST നിരക്കിൽ ലഭിക്കുന്നതാണ്) ടോക്കൺ പ്രകാരമുള്ള തീയതിയിൽ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാകുന്നു.

| | | | |
|---|---|---|---|
| | | | 11. സബ് രജിസ്ട്രാർ ആധാരം പരിശോധിച്ച് ഇ-സ്റ്റാമ്പും രജിസ്ട്രേഷൻ ഫീസും ഡീഫേസ് ചെയ്തുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നു.<br>12. രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ആധാരം സ്കാൻ ചെയ്ത ശേഷം മടക്കി നല്കുന്നു. |
| (സി) | ആധാര രജിസ്ട്രേഷൻ സേവന മേഖല കൂടുതൽ ശാക്തീകരിക്കുന്നതിന് പ്രസ്തുത രീതി എത്രത്തോളം സഹായകരമാണ്; വിശദാംശം നൽകാമോ? | (സി) | ഈ പരിഷ്കാരത്തിലൂടെ നിലവിലെ നികുതി വരുമാന മേഖലകൾ വ്യാപിപ്പിക്കുന്നതിനും അതുവഴി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും മുദ്രപ്പത്ര ഭരണ നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിയുന്നതാണ്.<br>• മുദ്രപ്പത്രങ്ങൾക്കുള്ള ക്ഷാമം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുന്നതാണ്.<br>• മുദ്രവിലയിനത്തിലുള്ള റവന്യൂ ചോർച്ച പൂർണ്ണമായും ഒഴിവാക്കുവാൻ കഴിയുന്നതാണ്.<br>• മുദ്രവില നിർണ്ണയം കൂടുതൽ സുതാര്യമാക്കുവാൻ സഹായകമാണ്.<br>• നികുതി വരുമാനം വർദ്ധിക്കും |

സെക്ഷൻ ഓഫീസർ